# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.902 — 07/02/2013-ൽ മറുപടിയ്ക്ക്

## കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ, വാട്ടർ അതോറിറ്റി പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; | എ) | **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ മൈനർ/ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച് വിവരം **അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു.**<br><br>**ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II** :- 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ പമ്പ ഇറിഗേഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തികളുടെ പേരും, തുകയും **അനുബന്ധം-2-ൽ ചേർത്തിരിക്കുന്നു.**<br><br>**മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി-**<br>**2010-2011**<br>1) ദേവികുളങ്ങര പഞ്ചായത്തിൽ കുഴൽ കിണർ നിർമ്മിക്കുകയും, പൈപ്പുലൈൻ നീട്ടുകയും ചെയ്യുക.<br>2) കണ്ടല്ലൂരിൽ കുഴൽ കിണർ നിർമ്മിച്ച് പൈപ്പുലൈൻ നീട്ടൽ.<br>3) വരൾച്ചാ ദുരിതാശ്വാസം- കണ്ടല്ലൂരിൽ [illegible] എച്ച്.പി പമ്പ്സെറ്റുകൾ സ്ഥാപിക്കുക. |

2011-2012

1) ദേവികുളങ്ങരയിൽ ബി.പി.എൽ കുടുംബ ങ്ങൾക്ക് കണക്ഷൻ നൽകുക.
2)ദേവികുളങ്ങരയിൽ എസ്.സി കുടുംബങ്ങ ൾക്ക് വാട്ടർ കണക്ഷൻ നൽകുക.
3) കായംകുളം മുൻസിപ്പാലിറ്റിയിൽ എസ്.സി കോളനിയിലേയ്ക്ക് പൈപ്പുലൈൻ നീട്ടൽ.
4)ദേവികുളങ്ങര ഇന്ദിരാ ജംഗ്ഷനിൽ പൈപ്പ് ലൈൻ ബന്ധിപ്പിക്കൽ
5)കണ്ടല്ലൂർ വേട്ടുതറ കോളനിക്കു വേണ്ടി പമ്പുസെറ്റു സ്ഥാപിക്കൽ
6) കൃഷ്ണപുരം പഞ്ചായത്തിൽ ബിപിഎൽ കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകൽ.
7) ദേവികുളങ്ങര പഞ്ചായത്തിൽ ബിപിഎൽ കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകൽ
8) കണ്ടല്ലൂർ പഞ്ചായത്തിനു വേണ്ടി കണ്ടല ശുദ്ധ ജലവിതരണ പദ്ധതി.
9) ദേവികുളങ്ങര പഞ്ചായത്തിൽ വാരപ്പള്ളി യിലും, കുന്നശ്ശേരിയിലും പൈപ്പ്ലൈൻ നീട്ടൽ.

| | |
|---|---|
| ബി) ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | ബി) **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക **അനുബന്ധം -1 ൽ ചേർത്തിരിക്കുന്നു.** |

**ചീഫ് എഞ്ചിനീയർ പ്രോജക്ട്-II:-** ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക **അനുബന്ധം-2 ൽ ചേർത്തിരിക്കുന്നു.**

**മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി-** മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് യഥാക്രമം

2010-2011

1) 1756705/- രൂപ
2) 1577552 /-രൂപ
3) 124000/- രൂപ

2011-2012

1) 522995/- രൂപ
2) 400000/- രൂപ
3) 493000/- രൂപ
4) 138000/- രൂപ
5) 200000/- രൂപ

6) 777245/- രൂപ
7) 630200/- രൂപ
8) 1485000/- രൂപ
9) **302500/-രൂപ** എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം; | സി) | **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** മേൽപ്പറഞ്ഞ പ്രവൃത്തികളിൽ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. മേജർ ഇറിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>**ചീഫ് എഞ്ചിനീയർ പ്രോജക്ട്-II :-** PIP- LBC urgent rectification works to Eruva Branch Canal ഉം Extension of Peringala Branch Canal ഉം ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.<br><br>**മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി-** 2011-12-ൽ ക്രമനമ്പർ 4 (ഇന്ദിരാ ജംഗ്ഷനിൽ) പൈപ്പുലൈൻ ബന്ധിപ്പിക്കൽ (വാർഡ്-2 ദേവികുളങ്ങര പൂർത്തിയായി) |
| ഡി) | നിർമ്മാണം നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ; | ഡി) | **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** മൈനർ ഇറിഗേഷന്റെ കീഴിൽ 2010-11-ൽ അനുമതി നൽകിയ പ്രവൃത്തി 6 മാസം കാലാവധി വെച്ച് 15/01/13-ൽ കരാറുകാരനുമായി ഉടമ്പടി വെച്ചിട്ടുണ്ട്. 2011-12-ൽ അനുമതി നൽകിയ പ്രവൃത്തി 98% പൂർത്തീകരിച്ചു. മേജർ ഇറിഗേഷൻ പ്രവർത്തികൾ എല്ലാം പൂർത്തീകരിച്ചു.<br><br>**മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി-**<br><br>**നിർമ്മാണം നടന്നു വരുന്ന പ്രവൃത്തികൾ**<br>1) ദേവികുളങ്ങരയിൽ കുഴൽ കിണർ നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിക്കൽ<br>2) കണ്ടല്ലൂരിൽ കുഴൽകിണർ നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിക്കൽ എന്നിവ. 31/03/2013-ൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**ചീഫ് എഞ്ചിനീയർ പ്രോജക്ട്-II :-** PIP- LBC urgent rectification works to Eruva Branch Canal എന്ന പ്രവൃത്തി നടന്നു വരുന്നു. 2013 മാർച്ച് 31-ന് മുമ്പായി പൂർത്തീകരിക്കാവുന്നതാണ്. |

(ഇ) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെ; കാരണം വിശദമാക്കുമോ?

**ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** 2010-11-ൽ അനുമതി നൽകിയ കായംകുളം മുൻസിപ്പാലിറ്റി-4-ാം വാർഡിലെ കോട്ടേത്ത് തോടിന്റെ സംരക്ഷണ പണികൾ ആരംഭിച്ചിട്ടില്ല.

പ്രസ്തുത പ്രവൃത്തിയുടെ ഉടമ്പടി 15/01/13-ൽ വെച്ചിട്ടുണ്ട്. പ്രവൃത്തി കാലാവധി 6 മാസം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി-**
**നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ**

1)കുന്നശ്ശേരിയിലും, വാരപ്പള്ളിയിലും, പൈപ്പ് ലൈൻ നീട്ടൽ. ടെണ്ടർ നടപടികൾ നടന്നു വരുന്നു. ബാക്കിയുള്ള ജോലികൾക്ക് വർക്ക് ഓർഡർ നൽകുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**ചീഫ് എഞ്ചിനീയർ പ്രോജക്ട്-II** :- Extension of Peringala Branch Canal എന്ന പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഉടൻ തന്നെ പ്രവർത്തി ആരംഭിക്കുന്നതാണെന്ന് കരാറുകാരൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്. 2013 മാർച്ച് 31-ഓടു കൂടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം-1

**മൈനർ ഇറിഗേഷൻ**

2010-2011 സാമ്പത്തിക വർഷത്തിൽ കായംകുളം മണ്ഡലത്തിൽ കായംകുളം മുൻസിപ്പാലിറ്റിയിൽ 4-ാം വാർഡിലുള്ള കോട്ടേത്ത് തോടിന്റെ സംരക്ഷണ പണി

7 ലക്ഷം രൂപ.

2011-2012 സാമ്പത്തിക വർഷത്തിൽ കായം കുളം മുൻസിപ്പാലിറ്റിയിൽ 34-ാം വാർഡിൽ കുന്നക്കൽ കിഴക്ക് ഭാഗം മുതൽ കമ്മ്യൂണിറ്റി ഹാളിന് തെക്ക് വരെ ഓടയുടെ നിർമ്മാണം

12.25 ലക്ഷം രൂപ.

**മേജർ ഇറിഗേഷൻ**

2010-11-ൽ കായംകുളം മുൻസിപ്പാലിറ്റിയിൽ വടക്കുംകോയിക്കൽ അമ്പലത്തിന് സമീപം വാർഡ് നമ്പർ -1-ൽ വലിയതോടിന് കുറുകെ നീരൊഴുക്ക് സുഗമമാക്കൽ പണികൾ

തുക. 6,97,261/- രൂപ.

2011-12-ൽ കായംകുളം മുൻസിപ്പാലിറ്റിയിൽ കായംകുളം കായലിന്റെ കിഴക്കോട്ട് മലയൽ കനാലിന്റെ പുനരുദ്ധാരണം നബാർഡ് സ്കീമിൽ

തുക 97, 82, 705/- രൂപ.

കായംകുളം മുൻസിപ്പാലിറ്റിയിൽ മീനത്തേരിൽ വടക്കേതിൽ കുറ്റിപ്പുറം സി.എം.എസ്.എൽ.പി സ്കൂളിനെ ബന്ധിപ്പിക്കുന്ന ആറുകടമ്പതോടിന് കുറുകെ പാലത്തിന്റെ നിർമ്മാണ പണികൾ

തുക. 6,97,261/-.രൂപ.

അനുബന്ധം- 2

## 2010- 11 സാമ്പത്തിക വർഷം

1) PIP- LBC- Urgent rectification works to main canal between ch. 46000 m– 46350 m - Rs. 8 lakhs.

## 2011 -12 സാമ്പത്തിക വർഷം

1) PIP LBC- Urgent rectification works to Harippadu branch canal between ch. 0m to 700m -Rs.13.35 lakhs.
2) PIP LBC- Urgent rectification works to I distributory of Kandalloore branch canal – Rs.7 lakhs
3) PIP LBC- Urgent rectification works to Eruva branch canal - Rs.8 lakhs
4) PIP LBC- Urgent rectification works between ch. 46000m to 47150m -Rs.15 lakhs.
5) PIP LBC- Urgent rectification works between ch. 43250m to 43780m -Rs.1568760/-
6) PIP LBC- Urgent rectification works between ch. 44420m to 44930m -Rs.16,79,000/-
7) Extension of Peringala branch canal. – Rs.14 lakhs.